## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6859. 13.07. 2012-ൽ മറുപടിയ്ക്ക്**

## പിണറായി പി.എച്ച്.സി.യിൽ കിടത്തി ചികിത്സ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. കെ. നാരായണൻ | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) | |
| (എ) | ധർമ്മടം നിയോജക മണ്ഡലത്തിൽ പിണറായി പി.എച്ച്.സി.യിൽ രോഗികളെ കിടത്തി ചികിത്സിച്ചു വന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇപ്പോൾ കിടത്തി ചികിത്സ നിർത്തി വെച്ചിരിക്കുന്നത് എന്തു കൊണ്ടാണെന്ന് വ്യക്തമാക്കുമോ; | (ബി) | ഡോക്ടർമാരുടെ കുറവ് മൂലമാണ് പ്രസ്തുത പി.എച്ച്.സി.യിൽ കിടത്തി ചികിത്സ നിറുത്തി വച്ചത്. ഡോക്ടർമാരുടെ 7 തസ്തികകൾ ഉള്ളതിൽ ഒരു സിവിൽസർജന്റെ തസ്തികയും അസിസ്റ്റന്റ് സർജന്റെ ഒരു തസ്തികയും ജൂനിയർ കൺസൾട്ടന്റുമാരുടെ രണ്ട് തസ്തികകളും ഒഴിഞ്ഞു കിടക്കുന്നു. വാക്ക് ഇൻ ഇന്റർവ്യൂ നടത്തി ഒരു എം.ബി.ബി.എസ്. ഡോക്ടറെ നിയമിച്ചിട്ടുണ്ട്. സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ ക്ഷാമം മൂലം മറ്റു സ്ഥാപനങ്ങളിൽ നിന്നും വർക്കിംഗ് അറേഞ്ച്മെന്റ് അടിസ്ഥാനത്തിൽ നിയമിക്കുവാനും കഴിഞ്ഞിട്ടില്ല. |
| (സി) | പകർച്ചവ്യാധികളും പനിയും വ്യാപകമാകുന്ന സാഹചര്യത്തിൽ പ്രസ്തുത | (സി) | നിലവിലുള്ള ഡോക്ടർമാരുടെ സേവനം ഉപയോഗപ്പെടുത്തി കിടത്തി ചികിത്സ |

മറുപുറം

| | | | |
|---|---|---|---|
| | പി.എച്ച്.സി.യിൽ കിടത്തി ചികിത്സ തുടരുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ; എങ്കിൽ നടപടി യുടെ വിശദാംശം വ്യക്തമാക്കുമോ? | | തുടരുന്നതിന് പിണറായി സി.എച്ച്.സി. മെഡിക്കൽ ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

B.V. Kumar

**സെക്ഷൻ ഓഫീസർ**